**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 490** **08-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നൽകേണ്ട കുടിശിക തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും കുടിശികയായ ഡി.എ., ഡി.ആർ., ലീവ് സറണ്ടർ, ശമ്പളപരിഷ്കരണ കുടിശിക എന്നീ ഇനങ്ങളിൽ നൽകുവാനുള്ള തുക എത്രയാണെന്ന് വിശദമാക്കുമോ; ആയത് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ബില്ലുകൾ ഇതുവരെ സ്പാർക്കിൽ പ്രോസസ്സ് ചെയ്യാത്തതിനാൽ ഈ ഇനത്തിൽ ആകെ എത്ര തുകയാണ് അനുവദിക്കാനുള്ളത് എന്ന ആധികാരിക കണക്ക് ലഭ്യമല്ല. എന്നാൽ ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കുന്നതു വഴി പ്രതിവർഷം സർക്കാരിനു ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയായി കണക്കാക്കിയിരിക്കുന്നതു 3572.13കോടി രൂപയാണ്. ഏകദേശം രണ്ട് വർഷത്തെ കുടിശ്ശിക ജീവനക്കാർക്ക് അനുവദിക്കാനുണ്ട്. സേവനത്തിലിരിക്കെ മരണപ്പെട്ട സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശിക വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19 ന്റെ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായി 16.04.2020 മുതൽ പുറപ്പെടുവിച്ച വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 2020-21 സാമ്പത്തിക വർഷം മുതൽ നടപ്പ് സാമ്പത്തിക വർഷം (2024-25) വരെ ജീവനക്കാരുടെ ആർജ്ജിതാവധി വാർഷിക സറണ്ടർ അനുവദിക്കുന്നതിൽ സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നിയന്ത്രണങ്ങളുടെ പരിധിയിൽ നിന്നും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ (സബോർഡിനേറ്റ് സർവ്വീസിലെ ഓഫീസ് അറ്റൻഡൻമാർ ഉൾപ്പെടെ), പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, ബഹു.മുഖ്യമന്ത്രിയുടെയും, ബഹു.മന്ത്രിമാരുടെയും, ബഹു.പ്രതിപക്ഷ നേതാവിന്റെയും, ബഹു.ചീഫ് വിപ്പിന്റെയും പേഴ്സണൽ സ്റ്റാഫിലെ കുക്ക് തസ്തികയിൽ ഉള്ളവർ എന്നിവരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇവർക്കും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ഇല്ലാത്ത** |

| | | | |
|---|---|---|---|
| | | | ജീവനക്കാർക്കും, ഇ.പി.എഫ് (എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് സ്കീം), കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ പരിധിയിൽ വരുന്ന ജീവനക്കാർക്കും ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ നിലവിൽ പണമായി അനുവദിക്കുന്നുണ്ട്. പി എഫ് അക്കൗണ്ട് ഉള്ള ജീവനക്കാർക്ക് ഈ തുക വ്യവസ്ഥകൾക്ക് വിധേയമായി പി എഫിൽ ലയിപ്പിക്കുവാനും ഇപ്പോൾ അനുവാദമുണ്ട്. ഈ നിയന്ത്രണങ്ങൾ ഒന്നും തന്നെ ആർജ്ജിതാവധിയുടെ ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിന് ബാധകമല്ല എന്നും വിവിധ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിത അവധിയുടെ വാർഷിക സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 16.03.2024 തീയതിയിലെ സ.ഉ.(പി) നം.23/2024/ധന പുറപ്പെടുവിച്ചിട്ടുമുണ്ട്.<br><br>സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും ഡി.എ., ഡി.ആർ., ശമ്പളപരിഷ്കരണ കുടിശിക എന്നീ ഇനങ്ങളിൽ നൽകുവാനുള്ള തുക അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ് |
| (ബി) | മേൽ ഇനത്തിൽ നൽകേണ്ട കുടിശിക ഈ സർക്കാരിന്റെ കാലത്ത് തന്നെ കൊടുത്ത് തീർക്കുവാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ബില്ലുകൾ ഇതുവരെ സ്പാർക്കിൽ പ്രോസസ്സ് ചെയ്യാത്തതിനാൽ ഈ ഇനത്തിൽ ആകെ എത്ര തുകയാണ് അനുവദിക്കാനുള്ളത് എന്ന ആധികാരിക കണക്ക് ലഭ്യമല്ല. എന്നാൽ ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കുന്നതു വഴി പ്രതിവർഷം സർക്കാരിനു ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതയായി കണക്കാക്കിയിരിക്കുന്നതു 3572.13കോടി രൂപയാണ്. ഏകദേശം രണ്ട് വർഷത്തെ കുടിശ്ശിക ജീവനക്കാർക്ക് അനുവദിക്കാനുണ്ട്. സേവനത്തിലിരിക്കെ മരണപ്പെട്ട സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പതിനൊന്നാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട കുടിശ്ശിക വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡ്-19 ന്റെ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായി 16.04.2020 മുതൽ പുറപ്പെടുവിച്ച വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 2020-21 സാമ്പത്തിക വർഷം മുതൽ നടപ്പ് സാമ്പത്തിക വർഷം (2024-25) വരെ |

| | | | |
|---|---|---|---|
| | | | **ജീവനക്കാരുടെ ആർജ്ജിതാവധി വാർഷിക സറണ്ടർ അനുവദിക്കുന്നതിൽ സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നിയന്ത്രണങ്ങളുടെ പരിധിയിൽ നിന്നും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ (സബോർഡിനേറ്റ് സർവ്വീസിലെ ഓഫീസ് അറ്റൻഡൻമാർ ഉൾപ്പെടെ), പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, ബഹു.മുഖ്യമന്ത്രിയുടെയും, ബഹു.മന്ത്രിമാരുടെയും, ബഹു.പ്രതിപക്ഷ നേതാവിന്റെയും, ബഹു.ചീഫ് വിപ്പിന്റെയും പേഴ്സണൽ സ്റ്റാഫിലെ കുക്ക് തസ്തികയിൽ ഉള്ളവർ എന്നിവരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇവർക്കും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ഇല്ലാത്ത ജീവനക്കാർക്കും, ഇ.പി.എഫ് (എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് സ്കീം), കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ പരിധിയിൽ വരുന്ന ജീവനക്കാർക്കും ആർജ്ജിതാവധിയുടെ വാർഷിക സറണ്ടർ നിലവിൽ പണമായി അനുവദിക്കുന്നുണ്ട്. പി എഫ്. അക്കൗണ്ട് ഉള്ള ജീവനക്കാർക്ക് ഈ തുക വ്യവസ്ഥകൾക്ക് വിധേയമായി പി എഫിൽ ലയിപ്പിക്കുവാനും ഇപ്പോൾ അനുവാദമുണ്ട്. ഈ നിയന്ത്രണങ്ങൾ ഒന്നും തന്നെ ആർജ്ജിതാവധിയുടെ ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിന് ബാധകമല്ല എന്നും വിവിധ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിത അവധിയുടെ വാർഷിക സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 16.03.2024 തീയതിയിലെ സ.ഉ.(പി) നം.23/2024/ധന പുറപ്പെടുവിച്ചിട്ടുമുണ്ട്.**<br><br>**സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും ഡി.എ., ഡി.ആർ., ശമ്പളപരിഷ്കരണ കുടിശിക എന്നീ ഇനങ്ങളിൽ നൽകുവാനുള്ള തുക അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്** |
| (സി) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളപരിഷ്കരണത്തിനായി പുതിയ കമ്മീഷനെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | **ശമ്പള പരിഷ്കരണം സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ ഉചിതമായ സമയത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് പതിവായി ചെയ്തുവരുന്നത്. തുടർന്നും സർക്കാർ കൂടിയാലോചനകളിലൂടെ ഉചിതമായ സമയത്ത് ഇതു സംബന്ധിച്ച തീരുമാനമെടുക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ